ഉത്തരം

(എ) ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി 20-12-2004 ആയിരുന്നു.

(ബി) ആരും തന്നെ ടെൻഡർ സമർപ്പിച്ചിട്ടില്ല.

(സി) ടെൻഡർ സമർപ്പിക്കുന്നതിനാവശ്യമായ രേഖകൾ വാങ്ങിയ താഴെ പറയുന്ന കമ്പനികൾ സർക്കാരുമായി ചർച്ച നടത്തിയിരുന്നു:

1.	ബെക്കറ്റ് റാക്കെയിൻ പാർട്ട്നർഷിപ്പ്	ലണ്ടൻ
2.	പോർട്ട് കോൺ ഇന്റർനാഷണൽ	ദക്ഷിണാഫ്രിക്ക.
3.	ഹിലി കമ്പനി	മാൾട്ട
4.	ലാർസൺ ആന്റ് ടൂബ് റോ	ചെന്നൈ
5.	അഫ് കോൺസ്	മുംബൈ
6.	ഗ്യാമൺ ഇന്ത്യാ ലിമിറ്റഡ്	മുംബൈ
7.	അഡാനി എക്സപോർട്ട്	ഗുജറാത്ത്.

(ഡി) വിഴിഞ്ഞം തുറുമുഖ നിർമ്മാണ കമ്പനിയുടെ ഷെയർ വിറ്റ് പണം സ്വരൂപിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

വലിയതുറയിൽ മാരിറ്റൈം അക്കാദമി സ്ഥാപിക്കാൻ നടപടി

161 (3051) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് വലിയതുറയിൽ ഒരു മാരിറ്റൈം അക്കാദമി സ്ഥാപിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) മാരിറ്റൈം അക്കാദമിയുടെ പ്രവർത്തനം എന്നേക്ക് ആരംഭിക്കാൻ കഴിയും?

ഉത്തരം

(എ) ഉണ്ട്.

(ബി) മാരിറ്റൈം അക്കാദമി ആരംഭിക്കുന്നതിന് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അനുമതി ആവശ്യമാണ്. ഇതിനുള്ള അപേക്ഷ സമർപ്പിക്കുന്ന ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അക്കാദമിയിൽ എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്കായി 4 മാസം ദൈർഘ്യമുള്ള ഡെക്ക് റെറ്റിംഗ് കോഴ്സ് (സീമാൻ കോഴ്സ്) തുടങ്ങാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിനായി തുറമുഖ വകുപ്പിന്റെ ഒരേക്കർ 90 സെന്റ് സ്ഥലം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന് കൈമാറാൻ ഉത്തരവായിട്ടുണ്ട്.

എന്നാൽ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ പുതിയ നിബന്ധന പ്രകാരം സീമാൻ കോഴ്സ് ആരംഭിക്കുന്നത് 2005 മേയ് മാസം വരെ നിറുത്തിവച്ചിരിക്കുകയാണ്. കൂടാതെ ഏറ്റവും ചുരുങ്ങിയത് 2.5 ഏക്കർ സ്ഥലമെങ്കിലും അക്കാദമിയുടെ അധീനത യിൽ ഉണ്ടായിരിക്കേണ്ടതാണ്. ഇക്കാരണങ്ങളാൽ അക്കാദമി ആരംഭിക്കുന്ന കാര്യത്തിൽ കാലതാമസം നേരിട്ടിട്ടുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2006-ാം വർഷം തുടക്കത്തിൽതന്നെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly